ഉത്തരം

(എ) ലഭിച്ചിട്ടുണ്ട്.

(ബി) 2848/2000, 2284/2000, 2750/2000 എന്നീ അപ്പീലുകളിൽ ബഹു. ഹൈക്കോടതി പുറപ്പെടുവിച്ച വിധി നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(സി) കോടതി നിർദ്ദേശം നടപ്പിലാക്കാനായി ബഹു. ഹൈക്കോടതി 31-8-2004 വരെ സമയം അനുവദിച്ചിട്ടുണ്ട്. ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ മാരുടെ സീനിയോറിറ്റി ലിസ്റ്റ് പുനഃനിർണ്ണയം നടത്തുന്നത് ശ്രമകരമായ ജോലിയാണ്. ആയത് എപ്പോൾ പൂർത്തിയാകും എന്ന് കൃത്യമായി പറയാൻ സാധിക്കില്ല.

(ഡി ആന്റ് ഇ) സീനിയോറിറ്റി ലിസ്റ്റ് പുനഃനിർണ്ണയം ചെയ്യുന്ന മുറയ്ക്ക് ഹൈക്കോടതിയുടെ നിർദ്ദേശാനുസരണം മുൻകാല പ്രാബല്യത്തിൽ പ്രൊമോഷൻ നൽകുന്ന കാര്യം അപ്പോൾ പരിശോധിക്കുന്നതാണ്.

(എഫ്) ഹെൽത്ത് സൂപ്പർവൈസർ .. 26

ഹെൽത്ത് ഇൻസ്പെക്ടർ .. 101

ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2 നിയമനം

149 [1727] ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതെല്ലാം ജില്ലകളിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2 നിയമനത്തിന് പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) ഓരോ ജില്ലയിലും ലിസ്റ്റിൽ നിന്നും എത്ര പേരെ നിയമിച്ചു എന്നും ഓരോ ജില്ലയിലെയും ലിസ്റ്റ് എന്ന് നിലവിൽ വന്നു എന്നും വ്യക്തമാക്കുമോ;

(സി) ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയിൽ കൊല്ലം, പത്തനംതിട്ട ജില്ലകളിൽ എത്ര ഒഴിവുകൾ ഉണ്ടെന്ന് വെളിപ്പെടുത്തുമോ;

(ഡി) കൊല്ലം, പത്തനംതിട്ട ജില്ലകളിലെ നിയമനത്തിന് ഉണ്ടാവുന്ന കാലതാമസത്തിന്റെ കാരണം വെളിപ്പെടുത്തുമോ;

(ഇ) പ്രസ്തുത ജില്ലകളിലെ നിയമനത്തിന് എത്ര ഒഴിവുകൾ നാളിതു വരെ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തു എന്നും എത്ര ഒഴിവുകൾ കൂടി ഈ വർഷം ഉണ്ടായേക്കും എന്നും വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2 നിയമനത്തിന് പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ട്.

(ബി) ഉത്തരം ചുവടെ ചേർക്കുന്നു:

ജില്ല		ലിസ്റ്റ് നിലവിൽ വന്ന തീയതി	നിയമിച്ചവരുടെ എണ്ണം
തിരുവനന്തപുരം	..	2002	74
കൊല്ലം	..	28-10-2002	5
പത്തനംതിട്ട	..	13-8-2002	..
ആലപ്പുഴ	..	20-12-2001	14
കോട്ടയം	..	15-1-2002	15
ഇടുക്കി	..	13-8-2002	150
എറണാകുളം	..	1-6-2002	20
തൃശൂർ	..	3-7-2002	66
പാലക്കാട്	..	11-9-2002	130
മലപ്പുറം	..	31-5-2002	188
കോഴിക്കോട്	..	15-6-2002	60
കണ്ണൂർ	..	12-2002	171
കാസർഗോഡ്	..	19-7-2002	80
വയനാട്	..	29-7-2002	..

(സി) കൊല്ലം ജില്ലയിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2-ന്റെ 80 ഒഴിവുകളും പത്തനംതിട്ട ജില്ലയിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2-ന്റെ 10 ഒഴിവുകളും ഗ്രേഡ് 1-ന്റെ 5 ഒഴിവുകളും ഉണ്ട്.

(ഡി) പ്രദേശിക കുഷ്ഠരോഗ നിവാരണ പരിപാടി നിർത്തലാക്കിയതിനാൽ പ്രസ്തുത പരിപാടിയിലെ ജീവനക്കാരെ പൊതുജനാരോഗ്യ വകുപ്പിലെ ജീവനക്കാരുമായി സംയോജിപ്പിക്കാനുള്ള സർക്കാർ തീരുമാനം നടപ്പിലാക്കുന്നതിനായി രണ്ടാം ഗ്രേഡ് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ തസ്തികകൾ ആവശ്യമുള്ളതിനാൽ പ്രസ്തുത ഒഴിവുകളിലേക്ക് തൽക്കാലം നിയമനം നടത്താൻ കഴിയുകയില്ല.

(ഇ) റിപ്പോർട്ട് ചെയ്ത ഒഴിവുകൾ:

കൊല്ലം .. 5

പത്തനംതിട്ട .. ഇല്ല

LIBRARY ARCHIVES Kerala Legislative Assembly

ബഹു. കേരള ഹൈക്കോടതിയുടെ 2750/00, 2284/00, 2848/00 എന്നീ റിട്ട് അപ്പീൽ കേസുകളിലെ വിധിന്യായത്തിൽ ഉത്തരവായിരിക്കുന്നതിൻപ്രകാരം രണ്ടാം ഗ്രേഡ് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരുടെ സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കിയാൽ മാത്രമേ ഒന്നാം ഗ്രേഡ് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയിലെ ഒഴിവുകൾ പ്രൊമോഷൻ മുഖേന നികത്താൻ കഴിയുകയുള്ളൂ. അപ്പോൾ മാത്രമേ രണ്ടാം ഗ്രേഡ് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരുടെ ഒഴിവുകൾ ഉണ്ടാവുകയുള്ളൂ.

വിധവകളും ഭർത്താക്കൻമാർ ഉപേക്ഷിച്ചവരുമായ നഴ്സിംഗ് അസിസ്റ്റന്റുമാർ

150 [1728] ശ്രീ. ടി. വി. ചന്ദ്രമോഹൻ:
„ പി. ടി. തോമസ്:
„ ലൂഡി ലൂയിസ്:
„ ഡൊമിനിക് പ്രസന്റേഷൻ:
പ്രൊഫ. സാവിത്രി ലക്ഷ്മണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹെൽത്ത് സർവ്വീസ് വകുപ്പിലെ ആശുപത്രിയിൽ സെക്കന്റ് ഗ്രേഡ് നഴ്സിംഗ് അസിസ്റ്റന്റുമാരായി വിധവകളേയും ഭർത്താവ് ഉപേക്ഷിച്ചവരേയും നിയമിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എത്ര പേരെയാണ് ഇങ്ങനെ നിയമിച്ചിട്ടുള്ളത്;

(സി) ഇവരെ പിരിച്ചുവിടരുതെന്ന് കോടതി ഉത്തരവായിട്ടുണ്ടോ;

(ഡി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമിക്കപ്പെട്ട ഇവരെ സ്ഥിരപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരം

(എ ആന്റ് ബി) ആരോഗ്യവകുപ്പിലെ നഴ്സിംഗ് അസിസ്റ്റന്റുമാരായി ആരെയും നേരിട്ട് നിയമിക്കുന്നില്ല. എന്നാൽ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് അർഹതപ്പെട്ട പ്രാതിനിധ്യം നൽകുന്നതിന് സ്പെഷ്യൽ റിക്രൂട്ട്മെന്റ് നിലവിലുണ്ട്. രണ്ടാം ഗ്രേഡ് ആശുപത്രി അറ്റൻഡന്റുമാർക്ക് പ്രൊമോഷൻ നൽകി ഒന്നാം ഗ്രേഡ് അറ്റൻഡന്റുമാരായി നിയമനം നൽകുന്നു. ഈ ഒന്നാം ഗ്രേഡ് അറ്റൻഡന്റുമാരെയാണ് നഴ്സിംഗ് അസിസ്റ്റന്റുമാരായി പ്രൊമോഷൻ നൽകി നിയമിക്കുന്നത്.

(സി ആന്റ് ഡി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly